പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 10 | 18.03.2013 ൽ മറുപടിക്ക്

യുവാക്കളുടെ മുങ്ങിമരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>,, എം. ഉമ്മർ<br>,, പി. ബി. അബ്ദുൾ റസാക്<br>,, കെ. എം. ഷാജി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് മുങ്ങിമരണങ്ങൾ, പ്രത്യേകിച്ചും യുവാക്കളുടെ മുങ്ങിമരണങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അത്തരം അപകടങ്ങളിൽ ചെറുപ്പക്കാർ കൂടുതലായി പെട്ടുപോകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) വിനോദയാത്രാ സംഘത്തിൽ ഉൾപ്പെടുന്ന ചെറുപ്പക്കാരാണ് ഇത്തരം അപകടങ്ങളിൽ കൂടുതലായിപ്പെട്ടുപോകുന്നത്. വിനോദ കേന്ദ്രങ്ങളിലെ സുരക്ഷാ മുന്നറിയിപ്പുകൾ അവഗണിച്ചുകൊണ്ട് അപകടകരമായ നദികൾ, കുളങ്ങൾ, ക്വാറികൾ, എന്നിവിടങ്ങളിൽ കുളിക്കാൻ ഇറങ്ങുന്നതും യുവത്വത്തിന്റെ ആവേശം മൂലം സാഹസ പ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്നതും പലപ്പോഴും അപകടം ക്ഷണിച്ചുവരുത്തുന്നുണ്ട്. നീന്തൽ വശമില്ലാത്തതുകൊണ്ടും അപരിചിതമായതും മുന്നറിയിപ്പുകൾ ഇല്ലാത്തതുമായ പാറമടകളിലും കുളങ്ങളിലും കുളിക്കാൻ ഇറങ്ങുന്നത് കൊണ്ടും ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. |

(സി) പ്രസ്തുത സ്ഥിതിവിശേഷത്തെ ദേശീയനഷ്ടമായി പരിഗണിച്ച് അത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

(സി) പ്രധാനപ്പെട്ട എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, അപകട സാധ്യതയുള്ള നദികൾ, ആറുകൾ, തടാകങ്ങൾ, കുളങ്ങൾ, ശബരിമല ഇടത്താവളങ്ങൾ എന്നിവിടങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സഞ്ചാര കേന്ദ്രങ്ങളിലെ പരിസരവാസികളുടെ സഹകരണത്തോടെ വിനോദയാത്രക്കാർക്ക് മുന്നറിയിപ്പും ബോധവൽക്കരണവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സുരക്ഷാ ഗാർഡുകളെ നിയോഗിച്ചും ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെ വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കുമിടയിൽ അപകട സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തിയും അപകടങ്ങൾ കുറയ്ക്കുന്നതിന് ശ്രമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ